## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 62 08.06.2015 - ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിൽ തീർപ്പുകൽപ്പിക്കാനുള്ള ഫയലുകൾ

**ചോദ്യം**

ശ്രീ. ബാബു.എം.പാലിശ്ശേരി

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ തീർപ്പുകൽപ്പിക്കാനായി എത്ര ഫയലുകൾ കെട്ടിക്കിടക്കുന്നുണ്ട് ; | (എ) | 2015 ഏപ്രിൽ മാസത്തെ സെക്രട്ടേറിയറ്റ് വകുപ്പുകളുടെ പ്രതിമാസ പ്രവർത്തന പത്രികകളുടെ അടിസ്ഥാനത്തിൽ സെക്രട്ടേറിയറ്റിൽ 2015 ഏപ്രിൽ വരെ 1,22,668 ഫയലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ഫയലുകളിൽ തീർപ്പുകൽപ്പിച്ച് ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | താലൂക്ക്തല ഉദ്യോഗസ്ഥർ തീർപ്പുകൽപ്പിക്കേണ്ട അപേക്ഷകളാണ് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിൽ തീർപ്പുകൽപ്പിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അഭിപ്രായം വ്യക്തമാക്കാമോ; | (സി) | ജനങ്ങളുടെ അടിയന്തിര പ്രാധാന്യമുള്ളതും സമയബന്ധിതമായി തീർപ്പാക്കേണ്ടതുമായ ആവശ്യങ്ങളും പ്രശ്നങ്ങളും തൽസമയം പരിഹരിക്കാനാണ് ജനസമ്പർക്ക പരിപാടിയിലൂടെ ശ്രമിക്കുന്നത്. |
| (ഡി) | മന്ത്രിതലത്തിലും വകുപ്പുസെക്രട്ടറിതലത്തിലും തീർപ്പാക്കേണ്ട ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നത് തീർപ്പാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | ഫയലുകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പുകൾ ത്വരിതപ്പെടുത്തണമെന്നും തീർപ്പാക്കാനുള്ള ഫയലുകളെ സംബന്ധിച്ച വിശദാംശങ്ങൾ വകുപ്പ് സെക്രട്ടറി മുഖേന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ